## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 120** **08-08-2023 - ൽ മറുപടിയ്ക്ക്**

**മേലാറ്റൂർ പോലീസ് സ്റ്റേഷനിൽ എൻ.ഡി.പി.എസ്. ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ മേലാറ്റൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 580/22-ൽ നാർക്കോട്ടിക് ഡ്രഗ്സ് &സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്ട് അനുസരിച്ച് കേസെടുത്ത് എത്ര പേരെ അറസ്റ്റ് ചെയ്തു എന്ന് വിശദമാക്കാമോ; | (എ) | നാല് പേരെ അറസ്റ്റ് ചെയ്യുകയും അവരെ റിമാൻഡിൽ പാർപ്പിക്കുകയും ചെയ്തിരുന്നു. 16.01.2023 തീയതിയിൽ ബഹു. പെരിന്തൽമണ്ണ JFCM II കോടതി ഇവർക്ക് ജാമ്യം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരം അറസ്റ്റ് ചെയ്തവരിൽ എത്രപേരെ റിമാൻഡ് ചെയ്തു; വിശദമാക്കാമോ; | (ബി) | “എ” പിരിവിലെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | ഇവരിൽ നിന്നും എത്ര അളവ് മയക്കമരുന്നാണ് പിടിച്ചെടുത്തതെന്നും ഇത് ഏത് ലാബിലാണ് കെമിക്കൽ ടെസ്റ്റ് നടത്തിയതെന്നും വിശദമാക്കാമോ; | (സി) | ഇവരിൽ നിന്നും മയക്കമരുന്ന് ഇനത്തിൽപ്പെട്ട 32.72 ഗ്രാം MDMA പിടിച്ചെടുത്തിട്ടുണ്ട്. ഇത് കെമിക്കൽ എക്സാമിനേഷന് വേണ്ടി റീജിയണൽ കെമിക്കൽ എക്സാമിനേഷൻ ലാബ്, കോഴിക്കോട്; റീജിയണൽ ഫോറൻസിക് സയൻസ് ലാബ്, തൃശ്ശൂർ എന്നീ സ്ഥാപനങ്ങളിലേക്ക് അയച്ചിട്ടുണ്ട്. ഈ കേസ് നിലവിൽ അന്വേഷണാവസ്ഥയിലാണ്. |
| (ഡി) | പ്രസ്തുത കേസുകളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ? | (ഡി) | “സി” പിരിവിലെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ